Malappuram District Police

## 29.10.2017 പെരിന്തൽമണ്ണ

പെരിന്തൽമണ്ണയിൽ വീണ്ടും കുഴൽപ്പണ വേട്ട. 18.5 ലക്ഷം രൂപയുമായി കോഴിക്കോട് മാവൂർ സ്വദേശി പുലക്കുത്ത് ഉണ്ണിമൊയ്തു (63) വിനെയാണ് ഇന്നലെ അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നും അറസ്റ്റ് ചെയ്തത്. ട്രെയിൻ മാർഗ്ഗം ഹവാല ഇടപാട് നടക്കുന്നുണ്ടെന്ന വിവരത്തിന്റെയടിസ്ഥാനത്തിൽ പെരിന്തൽമണ്ണ ഡിവൈഎസ്പി എം.പി മോഹനചന്ദ്രൻ, സിഐ ബിനു എന്നിവരുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിലാണ് ഹവാല പണം കണ്ടെത്തിയത്.